**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുമാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് സ്ഥാനക്കയറ്റം നൽകാത്തതു മൂലം ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകൾ എല്ലാം സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ അർഹതപ്പെട്ട ജീവനക്കാർക്ക് ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ സ്ഥാനക്കയറ്റം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിറ്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി ഒഴിവുകൾ യഥാസമയം കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (ബി) | ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകൾ എല്ലാം സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ അർഹതപ്പെട്ട ജീവനക്കാർക്ക് ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ സ്ഥാനക്കയറ്റം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിറ്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി ഒഴിവുകൾ യഥാസമയം കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (സി) | ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ